IV സബ്മിഷൻ

(1) കണ്ണൂരിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രി

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, കണ്ണൂർ ജില്ലയിലെ തൊഴിലാളി ക്ഷേമ പ്രവർത്തന പരിപാടിയുടെ ഭാഗമായി ഇ.എസ്.ഐ. കോർപ്പറേഷൻ അവിടെ ഒരു ആശുപത്രി പണിയാൻ തുടങ്ങിയിട്ട് പത്തു വർഷം കഴിഞ്ഞു. ഇത്രയും കാലമായിട്ടും അതിന്റെ പണി പൂർത്തിയാക്കി രോഗികൾക്ക് ആശ്വാസം നൽകുന്നതിന് ആവശ്യമായ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതുപോലെ അവിടെ ഇനിയും സ്റ്റാഫിനെ നിയമിച്ചിട്ടില്ല. ആശുപത്രിക്ക് വേണ്ട അത്യാവശ്യ കാര്യങ്ങളൊന്നും ചെയ്തിട്ടില്ല. അങ്ങനെ ഒരുകാര്യവും ചെയ്യാതെ ആശുപത്രി കെട്ടിടം ഒരു സ്തംഭനാവസ്ഥയിൽ നിൽക്കുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. തൊഴിലാളി ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി ചെയ്യുന്ന ഈ പദ്ധതിക്ക് ഇങ്ങനെയൊരു ദുഃസ്ഥിതി ഉണ്ടായത് ദയവായി ശ്രദ്ധിക്കുകയും അതിന് അടിയന്തിരമായ പരിഹാര നടപടികളെടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ കെ. ശിവദാസൻ): സർ, കണ്ണൂർ ജില്ലയിൽ തോട്ടടയിലെ ഇ.എസ്.ഐ. ആശുപത്രിയിൽ അൻപത് കിടക്കകളുള്ള ഒരു കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായിക്കഴിഞ്ഞു. വൈദ്യുതീകരണം, സാനിട്ടേഷൻ, വാട്ടർ സപ്ലൈ എന്നിവയുടെ പണികൾ നടത്തിവരുന്നു. ശേഷിക്കുന്ന ജോലികൾ പൂർത്തിയായാൽ ഉടനെതന്നെ ആശുപത്രി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള സാങ്ഷനുവേണ്ടി ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ മൂവ് ചെയ്തിട്ടുണ്ട്. കിട്ടുന്ന മുറയ്ക്ക് നിയമനം നടത്താവുന്നതാണ്.

(2) കണ്ണപുരം പഞ്ചായത്തിലെ മൊട്ടമ്മൽ കുടുംബ ക്ഷേമകേന്ദ്രം

ശ്രീമതി പി. ദേവൂട്ടി: സർ, എന്റെ നിയോജക മണ്ഡലത്തിലെ കണ്ണപുരം പഞ്ചായത്തിൽ മൊട്ടമ്മൽ എന്ന പ്രദേശത്ത് ഒരു കുടുംബ ക്ഷേമ കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. ആ കുടുംബ ക്ഷേമ കേന്ദ്രം 31-ാം തീയതിയോടുകൂടി അവിടെ നിന്ന് മാറുമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണിത്. കുട്ടികൾക്കും ഗർഭിണികൾക്കും പ്രതിരോധ കുത്തിവയ്പ്, ഫാമിലി പ്ലാനിംഗ് എന്നിവയൊക്കെ ഹൗസ് വിസിറ്റ് നടത്തി വളരെ ഭംഗിയായി പറഞ്ഞുകൊടുക്കുന്ന മിഡ്വൈഫാണ് അവിടെ ഉള്ളത്. അവിടത്തെ നാട്ടുകാർ വളരെയധികം താൽപ്പര്യപൂർവ്വം ആണ് ആ കേന്ദ്രത്തെ സ്വീകരിച്ചത്. അതുപോലെ ഇപ്പോൾ സ്വന്തമായി കെട്ടിടം വയ്ക്കുന്നതിന് പത്തു സെന്റ് ഭൂമി നാട്ടുകാർ എടുത്തു കൊടുക്കുകയാണ്. അതുകൊണ്ട് ഈ കുടുംബ ക്ഷേമകേന്ദ്രം അവിടത്തന്നെ നിലനിറുത്തുന്നതിനാവശ്യമായ നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly